# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.445** **26.04.2017-ൽ മറുപടിയ്ക്ക്**

## 2016-17 സാമ്പത്തിക വർഷത്തിലെ നികുതി പിരിവ്

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | 2016-17 സാമ്പത്തിക വർഷത്തിൽ 31.03.2017 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക എത്ര; വ്യക്തമാക്കുമോ; | (എ) & (ബി) | സാങ്കേതിക പ്രശ്നങ്ങൾ കാരണം സംസ്ഥാനത്തെ ചില ട്രഷറികളിലെ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായിട്ടില്ല ആയതിനാൽ 2016-17 ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 2016-17 സാമ്പത്തിക വർഷം തനത് നികുതി വരുമാനമായി 47613.61 കോടി രൂപയാണ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ 31.12.2016 വരെ തനത് നികുതി വരുമാനമായി 30214.66 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കുമോ; | | |
| (സി) | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നില്ല. എന്നാൽ നോട്ട് നിരോധനം മൂലവും ബാർ ഹോട്ടലുകൾ അടച്ചത് മൂലവും നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (ഡി) | തമിഴ് നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ ചെക്പോസ്റ്റുകളിൽ എന്തൊക്കെ ക്രമീകരണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | തമിഴ് നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്ക് കൊണ്ടു വരുന്നത് തടയുന്നതിനായി വിവിധ ചെക്ക് പോസ്റ്റുകളുടെ പരിസരത്ത് ഇന്റലിജൻസ് സ്ക്വാഡുകളെ വിന്യസിച്ച് നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നു വരുന്ന വാഹനങ്ങളെ ഓവർ ചെക്ക് ചെയ്യുന്നതിനും സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ബിൽ പരിശോധന, ടൂറിസ്റ്റ് ബസ്സുകൾ പരിശോധന എന്നിവ പതിവായി നടത്തുന്നുണ്ട്. ഇതോടൊപ്പം അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ സി-ഫോറം |

| | | | |
|---|---|---|---|
| | | | വെരിഫൈ ചെയ്യുന്നതിനായി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസ്സുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**